"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ് - അങ്കണവാടി നവീകരണം 2024-25 - 50 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിന്- സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.244/2025/WCDD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. സ.ഉ(പി)നം.102/2017/ധന തീയതി 07/08/2017
2. 21/03/2025 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/1862/2025-ICDSA7 നമ്പർ കത്ത്.
3. 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

പ്രാരംഭശൈശവകാല സംരക്ഷണം നൽകുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിനുമായി അങ്കണവാടികളെ ശിശു സൗഹൃദമാക്കേണ്ടതുണ്ട്. ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള സേവനം അങ്കണവാടികൾ മുഖേന നൽകി വരുന്നു. അങ്കണവാടികളെ ശിശു സൗഹൃദ-പരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്.

(2) 2025-26 സാമ്പത്തിക വർഷം സംസ്ഥാനത്താകെ 50 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി വനിത ശിശു വികസന ഡയറക്ടർ പരാമർശം(2) പ്രകാരം സമർപ്പിച്ച പ്രോപ്പോസൽ 03/04/2025 ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് പരാമർശം (3) പ്രകാരം സമഗ്ര ഭരണാനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(3) പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ 50 അങ്കണവാടികൾ നവീകരിക്കുന്നതിനായി ചുവടെ ചേർക്കുന്ന നിബന്ധനങ്ങൾക്ക് വിധേയമായി സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- LSGD ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ആഫീസറായുള്ള 4235-02-102-87(P) ശീർഷകത്തിൽ അതാത് സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ മാറ്റം ഇല്ലാത്ത പക്ഷം

പരാമർശം (1) പ്രകാരമുള്ള Delegation of Financial Powerന്റെ അടിസ്ഥാനത്തിൽ അതാത് വർഷത്തെ ബജറ്റ് വിഹിതം കണക്കിലെടുത്ത് തുടർ വർഷങ്ങളിൽ ഭരണാനുമതി നൽകാവുന്നതാണ്.

- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ എന്തെങ്കിലും മാറ്റമുള്ള പക്ഷം New Scheme ആയി കണക്കാക്കി യഥാനുസരണം ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്.
- പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**Signed by Sithara Vijayan**
**Date: 31-05-2025 14:29:05**
സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്താകെ 50 അങ്കണവാടികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്നതിന് **₹ 1,00,00,000/-** (ഒരു കോടി രൂപ) LSGD ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ആഫീസറായുള്ള 4235-02-102-87(പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.